1947 ആഗസ്റ്റ് 15

**15-08-2007 ന് പ്ളാച്ചിമടയിൽ നടന്ന സ്വാതന്ത്ര്യ ദിന പ്രതിജ്ഞ**

'പ്രകൃതി ഞങ്ങളുടെ പൂർവികരാണ്. അരുവികളും, നദികളും ഞങ്ങളുടെ ശിരസ്സുകളിലൂടെയോടുന്ന ജീവരക്തമാണ്.' എന്ന സിയാറ്റിൽ മൂപ്പന്റെ വാക്യം സ്മരിച്ചുകൊണ്ട് ജലവും, വായുവും, മണ്ണും ഞങ്ങളുടെ ജന്മാവകാശമാണ് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അത് കൊള്ള ചെയ്യുവാനും മലിനപ്പെടുത്തുവാനും ഞങ്ങൾ ആരെയും അനുവദിക്കില്ല. ഞങ്ങളുടെ വെള്ളം, ഞങ്ങളുടെ ഭൂമി, ഞങ്ങളുടെ വായു ഞങ്ങൾ സംരക്ഷിക്കും.

2007 ആഗസ്റ്റ് 15

# പ്ലാച്ചിമട സമരം സ്വാതന്ത്ര്യത്തിനായുള്ള സമരം തന്നെ – വിളയോടി വേണുഗോപാൽ

**പ്ലാച്ചിമട കൊക്കകോള വിരുദ്ധസമിതി ചെയർ പേഴ്സണുമായി ഇന്ത്യയുടെ അറുപതാം സ്വാതന്ത്ര്യദിനത്തിൽ സമരപന്തലിൽവെച്ച് നടത്തിയ അഭിമുഖത്തിൽനിന്ന്. തയ്യാറാക്കിയത് : മീഡിയാമേറ്റ് ഫീച്ചേഴ്സ്**

**ഇന്ന്** 2007 ആഗസ്റ്റ് 15. ഭാരതത്തിന്റെ 60-ാം സ്വാതന്ത്ര്യദിനം. ഭാരതത്തിലെ ജനങ്ങൾക്ക് പരമാധികാരം ലഭിച്ച് 60 വർഷങ്ങൾ. അനേകം പോരാളികൾ പൊരുതിനേടി തന്നതാണ് നമ്മുടെ സ്വാതന്ത്ര്യം. പക്ഷേ ഇന്ന് നോക്കുമ്പോൾ സ്വാതന്ത്ര്യം, പരമാധികാരം തുടങ്ങിയ അടിസ്ഥാന സങ്കല്പങ്ങളിൽ നിന്ന് പുറകോട്ടാണ് പോയ്കൊണ്ടിരിക്കുന്നത്. മുൻപ് ഒരു ഈസ്റ്റ് ഇന്ത്യാ കമ്പനിയായിരുന്നത്, ഇന്ന് അനേകം കോർപറേറ്റുകളാണ് നമ്മുടെ വിഭവങ്ങൾ കവർച്ച ചെയ്യാൻ ഉള്ളത്. പരമാധികാരവും സ്വാതന്ത്ര്യവും വാക്കുകളിൽ മാത്രം ഒതുങ്ങാതെ ക്രിയാത്മകമായി മാറ്റാൻ നമ്മുക്ക് സാധിക്കുന്നില്ല. കുത്തകകൾക്ക് അനുകൂലമായ ഭരണമാണ് ഇന്ന് നിലവിലുള്ളത്. ഇത് ഗൗരവമായി കാണുകയും ഇതിനെ അതിജീവിക്കാവുന്ന ബദലുകൾ എന്താകണം എന്ന് ആലോചിക്കുകയാണ് ഈ സ്വാതന്ത്യദിനത്തിൽ നാം ചിന്തിക്കേണ്ടത്. പുത്തൻ സാമ്പത്തിക നയങ്ങളെ തിരുത്താൻ ജനമുന്നേറ്റങ്ങൾ ഉണ്ടാകണം. വികസനത്തിന്റെ ഇരകൾ ആണ് പ്ളാച്ചിമടയിലായാലും ഛത്തീസ്ഗഢിലായാലും നന്ദിഗ്രാമിലായാലും ചെറുത്തു നില്ക്കാൻ ശ്രമിക്കുന്നത്.



വര : വി.എസ്. ഗിരീശൻ

കേരള സംസ്ഥാനത്തിൽ തന്നെ ഭരണാധികാരികൾ ഇതിനെ ചെറുക്കുവാൻ ഭരണഘടനയിൽ ഊന്നി പ്രവർത്തിക്കുകയാണെങ്കിൽ കുറെ മാറ്റങ്ങൾ ഉണ്ടാകാനായേക്കും . പക്ഷേ അതു കാണുന്നില്ല. ഇതിനർത്ഥം സമരങ്ങൾ, ത്യാഗത്തിലൂന്നിയ സമരങ്ങൾ ഇനിയും വേണ്ടി വരുമെന്നാണ്. രാജ്യത്തിന് വേണ്ടി പ്രലോഭനങ്ങളെ അതിജീവിച്ച് പുതിയ തലമുറ മുന്നോട്ട് വരണം.

പ്ലാച്ചിമട സമരം ജനാധിപത്യ പ്രക്രിയയിൽ, ഭരണാധികാരികൾ നീതി നിഷേധിച്ചതിന് എതിരെ നടത്തിയ പോരാട്ടമാണ്. ബഹുരാഷ്ട്ര കുത്തകകൾക്ക് എതിരാണ് എന്ന് പറയുന്നവർ അധികാരത്തിൽ വരുമ്പോൾ അതെല്ലാം മറക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. അതുകൊണ്ട് പ്ളാച്ചിമട സമരം ഭരണാധികാരികളുടെ മറവിയ്ക്ക് എതിരായ സമരമാണ്. നീതി നിഷേധിക്കപ്പെടുമ്പോഴൊക്കെ ഇത്തരം സമരം ആവർത്തിക്കപ്പെടും. സാമ്രാജത്വ വിരുദ്ധരും ആഗോളവത്ക്കരണ വിരുദ്ധരും വികസനത്തിന്റെ പേരിൽ ഭരണാധികാരപരമായി തീരുമാനമെടുക്കുമ്പോൾ മറ്റ് മനുഷ്യർ ഇരകളാക്കപ്പെടുന്നത് കാണേണ്ടതുണ്ട്.

അതുകൊണ്ട് ജനാധിപത്യവാദികൾ എന്നു പറയുന്ന ഭരണാധികാരികൾ ജനാധിപത്യ ലംഘനമാണ് നടത്തുന്നത്. അതുകൊണ്ട് ആധിപത്യം നിറഞ്ഞ വികസനം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു. അധീശത്വശക്തികൾക്ക് പരസ്യമായിതന്നെ പച്ച പരവതാനി വിരിക്കുന്ന പ്രവണതയാണ് ഭരണാധികാരികൾ നടത്തുന്നത്. ഇന്ന് രാജ്യത്ത് നടക്കുന്ന ചെറുത്തുനിൽപ്പുകൾ, സാമ്രാജത്വ ശക്തികൾ അടിച്ചേൽപ്പിക്കുന്ന വികസനത്തെ ചെറുക്കുന്നത്, പിറന്ന മണ്ണിൽ ജീവിക്കാനുള്ള അവകാശത്തിന് വേണ്ടിയുള്ള പോരാട്ടം തന്നെയാണ്. കുറച്ച് ആളുകൾ മാത്രമേ ഇന്ന് ഈ ചെറുത്തുനിൽപ്പുകൾക്ക് മുന്നോട്ട് വരുന്നുള്ളൂ. വലിയൊരു ചെറുത്തു നിൽപ്പിലൂടെ മാത്രമേ കുത്തകകളുടെ ആധിപത്യത്തെ അതിജീവിക്കാനാവൂ. ഇപ്പോഴുള്ള സമരങ്ങൾ എത്രത്തോളം വിജയിക്കുമെന്ന് പറയാനാകില്ല. എങ്കിലും ജനാധിപത്യ ശക്തികളുടെ വികാസം സംഭവിക്കുന്നത് കുത്തകകളുടെ ആധിപത്യത്തെ നേരിടുന്നതിനിതാവശ്യമാണ്.

ഇപ്പോഴത്തെ ചെറുത്തുനിൽപ്പുകൾ ഭരണാധികാരികളെ തിരുത്താൻ എത്രമാത്രം പര്യപ്തമാകും എന്ന് പറയാൻ കഴിയില്ല. എങ്കിലും പ്ളാച്ചിമട സമരം ജനകീയമായതു കൊണ്ടാണ് കേരള ഗവൺമെന്റ് കോക്കക്കോളയ്ക്കെതിരെ ചില ചെറു നടപടികൾ എടുക്കാനെങ്കിലും തയ്യാറായത്. കേരളത്തിലെ ഭരണപക്ഷവും പ്രതിപക്ഷവും ഇപ്പോൾ പ്ളാച്ചിമട സമരത്തിന് അനുകൂലമായിരിക്കെ പുതിയ നിയമങ്ങൾ രൂപപ്പെടുത്താൻ യഥാർത്ഥത്തിൽ തടസ്സങ്ങളില്ല. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭയ്ക്ക് പരമാധികാരം കൊടുക്കുന്നതും കോളയെയും പെപ്സിയെയും നാടുകടത്താനുള്ള ഉത്തരവാദിത്വവും രണ്ട് മുന്നണികൾക്കുമുണ്ട്. ഇതിന് ജനങ്ങളുടെ സഹകരണം ഉണ്ട്. അതനുസരിച്ച് നിയമ നടപടികൾ എടുക്കണം. അതുവഴി ബഹുരാഷ്ട്ര കുത്തകകൾക്കും എതിരെ നടപടിയെടുത്താൽ അത് ഇന്ത്യയിൽ നടക്കുന്ന സ്വാതന്ത്ര്യ സമരമാകും.

ഗ്രാമസഭകൾക്ക് പരമാധികാരം കൊടുക്കുക എന്നത് ഒരു ജനാധികാര വിപ്ലവത്തിന്റെ ഭാഗമാണ്. ഇതിന് ജനങ്ങളുടെ പിന്തുണയുണ്ട്.

## സ്വതന്ത്രത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ

ഭരണാധികാരി ഒരു സേവകനാകണം പക്ഷെ നമ്മുടെ നാട്ടിൽ പ്രസംഗത്തിൽ ഇത് പറയുമെങ്കിലും ഭരണത്തിൽ തെളിഞ്ഞു വരുന്നില്ല. ഗാന്ധിജി പറഞ്ഞത് ഉമറിന്റെ ഉദാഹരണമാണ്. ഒരു സ്വതന്ത്ര നാട്ടിൽ ഒരാളും പട്ടിണി കിടക്കേണ്ടി വരാൻ പാടില്ല. ചികിത്സ കിട്ടാതെ വരരുത്, പാർപ്പിടമില്ലാതെ വരരുത്, ജനങ്ങളെ പൗരന്മാരായി കണ്ടുകൊണ്ട് അവരുടെ സംരക്ഷണം ഭരണാധികാരികൾ ഏറ്റെടുക്കണം. വസ്ത്രമില്ലാത്തതിന്റെ പേരിൽ കുളത്തിൽ തന്നെ കഴിഞ്ഞിരുന്ന സ്ത്രീയ്ക്ക് ഗാന്ധിജി സ്വന്തം വസ്ത്രം ഊരി കൊടുക്കുന്നുണ്ടല്ലോ. സാമൂഹിക നീതി യഥാർത്ഥ്യമാകാൻ എളിയ ജീവിതവും ഉയർന്ന ചിന്തയുമാണ് ആണ് ഗാന്ധിജി പറഞ്ഞത്. കന്യകയായ ഒരു സ്ത്രീയ്ക്ക് അർദ്ധ നഗ്നയായി കന്യാകുമാരി മുതൽ കാശ്മീർ വരെ പീഡനമേൽക്കാതെ നടന്നു പോകാൻ കഴിയുന്നതാകണം സ്വതന്ത്രഭാരതം എന്നും ഗാന്ധിജി പറയുകയുണ്ടായി. അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ അർത്ഥം 60 വർഷങ്ങളായിട്ടും നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്ന് നമുക്ക് കാണാം. 'ഗരീബി ഹഡാവോ' പോലുള്ള പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ. നിലവിലുള്ള നിയമങ്ങൾ പലതും സാമൂഹിക നീതി നിഷേധിച്ചു കൊണ്ടിരിക്കുകയാണ്. സാമൂഹിക നീതിയ്ക്കായി പൊരുതുന്നവരെ കരിനിയമങ്ങൾ ചുമത്തി പീഡിപ്പിക്കുകയാണ്. 'സ്വാതന്ത്ര്യം തന്നെയമൃതം സ്വാതന്ത്ര്യം തന്നെ ജീവിതം, പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം' കവികൾ പറഞ്ഞത് ഒന്നും സഫലീകരിക്കപ്പെടുന്നില്ല. ഇതിന് പുതിയ ഒരു പോരാട്ടം ഉണ്ടാകണം. പുതിയ സ്വാതന്ത്ര്യസമരം ഉണ്ടാകണം. ഇത് ഭരണാധികാരികൾക്ക് എതിരെയും പുത്തൻ സാമ്പത്തിക നയങ്ങൾക്ക് എതിരെയും ഉള്ളതായിരിക്കണം. പോരാട്ടവും ചെറുത്തു നിൽപ്പും സ്വാതന്ത്ര്യത്തിനുള്ള ദാഹത്തിൽ നിന്നുണ്ടാകണം. സ്വാതന്ത്ര്യം സാക്ഷാത്കരിക്കാനുള്ള പ്രക്രിയയായി പോരാട്ടം മാറണം. എന്നാൽ മാത്രമേ യഥാർത്ഥസ്വാതന്ത്ര്യം സഫലീകരിക്കാനാകൂ.

*സമരപന്തൽ, പ്ലാച്ചിമട, കന്നിമാരി പി.ഒ.*

### കൊക്കക്കോള

കൊക്കെയിൻ ചെടിയുടെ ഇലയും കഫീൻ ചെടിയുടെ ഇലയും തമ്മിൽ ചേർത്ത് വാറ്റി അറ്റ്ലാന്റ്ക്കാരനായ ജോൺ പെമ്പർടൺ ഒരു പുതിയ ഉല്പന്നമായ 'കൊക്ക ക്കോള' ഉണ്ടാക്കി വിപണിയിലിറക്കി.

ഇതിന്റെ കച്ചവടസാദ്ധ്യത മനസ്സിലാക്കിയ അമേരിക്കൻ വ്യവസായി ആസാ കാൻഡ്ലർ അതിന്റെ നിർമാ രഹസ്യം പെമ്പർടണിൽനിന്നും വിലയ്ക്കുവാങ്ങി കൊക്കക്കോള എന്ന പേരിൽ ഒരു പുത്തൻ പാനീയം പുറത്തിറക്കി. "ഇതു കുടിച്ചാൽ തലവേദന പറപറക്കും. കുടിക്കുന്നവൻ ഉന്മേഷംകൊണ്ടു തുള്ളിച്ചാടും." എന്നായിരുന്നു ആദ്യത്തെ പരസ്യം.

കൊക്കകോള വൻവിജയമായി. അതോടെ വിവാദവും തുടങ്ങി. വർഷങ്ങൾ നീണ്ട പ്രതിഷേധത്തിനൊടുവിൽ 1956 -ൽ കൊക്കകോളയുടെ നിർമാണവസ്തുക്കളിൽനിന്ന് കൊക്കെയ്ൻ ഇല പൂർണമായും ഒഴിവാക്കി എന്ന് കമ്പനി അവകാശപ്പെട്ടു. എങ്കിലും വർഷംതോറും കൊക്കകോള കമ്പനി വാങ്ങുന്ന കൊക്കെയിൻ ഇല എത്രയെന്നോ? ഇരുന്നൂറു ടൺ! മരുന്നുണ്ടാക്കാനാണിത് എന്നാണ് കമ്പനി പറയുന്നത്. എന്നാൽ ഉണ്ടാക്കിയ മരുന്ന് ഇനിയും വിപണിയിലെത്തിയിട്ടില്ലെന്നു മാത്രം!

*അവലംബം : ബാലരമ ഡൈജസ്റ്റ്*